MD NICHE MEDIA CONSULTANTS

# Kerala Tourism

## MADHYAMAM

### Kochi will be the center of the cruise tourism project

**Date :** 15.7.2022 | **Edition : Kochi** | **Page :** 12 | **Clip size (cm) : W:** 14 **H:** 9

PDF (/pdfClipping/31d6a435-8855-4b3e-bcef-8f76788e1777)

---

Clip 1

Image Text

# കൊച്ചി കേന്ദ്രമായി ക്രൂയിസ് ടൂറിസം നടപ്പാക്കും – മന്ത്രി

● വെണ്ടുരുത്തി പഴയ പാലം ഫുഡ് സ്ട്രീറ്റാക്കി മാറ്റാൻ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു

**തിരുവനന്തപുരം:** കൊച്ചി കേന്ദ്രമായി സംസ്ഥാനത്ത് ക്രൂയിസ് ടൂറിസം നടപ്പാക്കുമെന്ന് മന്ത്രി പി.എ. മുഹമ്മദ് റിയാസ് അറിയിച്ചു. ഇതോടൊപ്പം ഫുഡ് ടൂറിസവും ആരംഭിക്കും. കൊച്ചി വെണ്ടുരുത്തി പഴയപാലം ഫുഡ് സ്ട്രീറ്റാക്കി മാറ്റാൻ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

പദ്ധതി വിജയിച്ചാൽ സംസ്ഥാനത്ത് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കുന്ന പഴയ പാലങ്ങളെ ഇത്തരത്തിൽ ഫുഡ് സ്ട്രീറ്റാക്കി മാറ്റാൻ ആലോചിക്കുന്നുണ്ടെന്നും ടി.ജെ. വിനോദിന്റെ ശ്രദ്ധക്ഷണിക്കലിന് മറുപടി നൽകി.

ഫോർട്ട് കൊച്ചിയും മട്ടാഞ്ചേരിയും സ്പൈസ് ടൂറിസ ഭാഗമായി മാറ്റാനും ആലോചനയുണ്ട്. വാട്ടർ ടൂറിസം സാധ്യതകളും പ്രയോജനപ്പെടുത്തും. ഇതിനനുസരിച്ച് കൊച്ചിയിലെ അടിസ്ഥാന സൗകര്യ വികസനവും അനിവാര്യമാണ്. കൂടുതൽ വിനോദ സഞ്ചാരികൾ എത്തുന്ന സ്ഥലമാണ് കൊച്ചി ഉൾപ്പെടുന്ന എറണാകുളം ജില്ല. മേഖല തിരിച്ചു നോക്കുമ്പോൾ 52 ശതമാനം വിദേശ വിനോദ സഞ്ചാരികളും മധ്യ കേരളത്തിലേക്കാണ് എത്തുന്നത്. കൊച്ചിക്ക് ഇനിയും വികസന സാധ്യതയുണ്ട്. അതു ഫലപ്രദമായി ഉപയോഗപ്പെടുത്തുകയാണ് ലക്ഷ്യം.